ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസപരമായി പിന്നോക്കപ്രദേശങ്ങളിലും ന്യൂനപക്ഷങ്ങൾ താമസിക്കുന്നിടങ്ങളിലും പുതിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിക്കുന്നതു സംബന്ധിച്ച് സർക്കാരിന്റെ നയം വ്യക്തമാക്കുമോ;

(ബി) പ്ലസ്ടു അനുവദിച്ചപ്പോൾ ചില സമുദായങ്ങളുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നേരെയുണ്ടായ അവഗണന പരിഹരിക്കുമെന്ന് ഉറപ്പുനൽകിയത് അനുസരിച്ച് എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അദ്ധ്യായം 5 ലെ റൂൾ 2 അനുസരിച്ചാണ് സ്കൂളുകൾ അനുവദിക്കുന്നത്.

(ബി) ഈ വർഷം പുതിയ പ്ലസ് ടു സ്കൂളുകളൊന്നും അനുവദിച്ചിട്ടില്ല. പ്രീഡിഗ്രി വിഘടിച്ച് പ്ലസ് ടു നടപ്പിലാക്കുന്നത് പൂർത്തിയാകുമ്പോൾ നിലവിലുള്ള പല അപാകതകളും പരിഹരിക്കപ്പെടും.

34 (1248) എസ്.എസ്.എൽ.സി. പരീക്ഷയുടെ റാങ്ക് നിർണ്ണയം

ശ്രീ. എം.കെ. മുനീർ :

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :

ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എസ്.എസ്.എൽ.സി. പരീക്ഷയുടെ റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിൽ പലപ്പോഴും പിശകുവരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തൃശൂർ ജില്ലയിലെ സേക്രഡ് ഹാർട്ട് സ്കൂൾ വിദ്യാർത്ഥിനി രൂപാരാജന്റെ പരീക്ഷാ പേപ്പർ പുനഃപരിശോധനയിൽ മാർക്ക് കൂട്ടിക്കിട്ടുകയും അഞ്ചാം റാങ്ക് നൽകിയെന്ന് പ്രസിദ്ധപ്പെടുത്തുകയും ചെയ്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പുനഃപരിശോധനയ്ക്ക് അപേക്ഷിച്ച് ഒരു മാസം കഴിഞ്ഞിട്ടും മറുപടി ലഭിക്കാത്തതിനാൽ കോടതിയെ സമീപിക്കേണ്ടതായി വന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത്തരം തെറ്റുകുറ്റങ്ങൾ കണ്ടുപിടിച്ചാൽ കുറ്റക്കാരായ ഉദ്യോഗസ്ഥരെ മാതൃകാപരമായി ശിക്ഷിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ എസ്.എസ്.എൽ.സി പരീക്ഷയുടെ റാങ്ക് തയ്യാറാക്കുന്നതിൽ പിശകു വരാറില്ല. എന്നാൽ കഴിഞ്ഞ പരീക്ഷയിലെ ഉത്തരപേപ്പർ അപേക്ഷാനുസരണം പുനർനിർണ്ണയം നടത്തിയപ്പോൾ അഞ്ചാം റാങ്കിന് ലഭിച്ചത്രയും മാർക്ക് രൂപാരാജനെന്ന കുട്ടിക്ക് ലഭിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) രൂപാരാജൻ എന്ന കുട്ടി പുനർമൂല്യനിർണ്ണയത്തിന് 7.6.99-ൽ പണമടച്ച് അപേക്ഷിക്കുകയും തുടർന്ന് അതേ ആവശ്യത്തിലേക്ക് 19.6.99-ൽ 15689/99 നമ്പരിൽ ഒ.പി. ഫയൽ ചെയ്യുകയുമാണുണ്ടായത്. അപേക്ഷ സമർപ്പിച്ച് ഒരു മാസം കഴിഞ്ഞിട്ടും മറുപടി ലഭിക്കാത്തതിനാലാണ് കോടതിയെ സമീപിച്ചതെന്ന പ്രസ്താവന ശരിയല്ല.

(ഡി) മാതൃകാപരമായ ശിക്ഷ ഇപ്പോൾതന്നെ നൽകിവരുന്നുണ്ട്.

35 (1249) **എസ്.എസ്.എൽ.സി. വിജയശതമാനം വർദ്ധിപ്പിക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ**

ശ്രീ. എം.വി. ജയരാജൻ :
ശ്രീ. എം.പി. വർഗ്ഗീസ് :
ശ്രീ. പി.കെ. കുമാരൻ :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എൽ.സി. വിജയശതമാനം വർദ്ധിപ്പിക്കുന്നതിന് സർക്കാർ എന്തെല്ലാം മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ സ്കൂളുകളിൽ എസ്.എസ്.എൽ.സി. ക്ലാസ്സുകളിൽ പ്രത്യേക കോച്ചിംഗ് നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) ഇതനുസരിച്ചുള്ള സ്പെഷ്യൽ ക്ലാസ്സുകൾ തുടരുന്നുണ്ടോ എന്ന് പരിശോധന നടത്താറുണ്ടോ;

(ഡി) കഴിഞ്ഞ എസ്.എസ്.എൽ.സി. പരീക്ഷയിൽ 25%ത്തിൽ താഴെ വിജയശതമാനം നേടിയ സ്കൂളുകളുടെ കാര്യത്തിൽ വിജയശതമാനം വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളും പരിശോധനകളും ഏർപ്പെടുത്തുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 50%ത്തിൽ താഴെ റിസൾട്ട് ഉള്ള സ്കൂളുകളെ ദത്തെടുത്ത് പ്രസ്തുത സ്കൂളുകളിലെ ഹെഡ്മാസ്റ്റർമാർക്ക് പരീക്ഷാഫലം ഉയർത്തുന്നതു സംബന്ധിച്ച് ഏകദിന ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുകയും പഠനപ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ ചർച്ച ചെയ്യുകയുമുണ്ടായി. പഠനസഹായികൾ വാങ്ങുന്നതിനായി സ്പെഷ്യൽ ഫീസ് വിനിയോഗിക്കുന്നതിന് പ്രത്യേക ഉത്തരവ് നൽകിയിട്ടുണ്ട്. ക്ലാസ് സമയത്തിനുശേഷം ടൈംടേബിൾ വച്ച് എല്ലാ വിഷയങ്ങളിലും പരിഹാര ബോധനം നടത്തുന്നു. പിയർഗ്രൂപ്പ് ടീച്ചിംഗ്, ചർച്ചകൾ, വിവിധ പിയർ ഗ്രൂപ്പുകൾ തമ്മിൽ ക്വിസ്, സംശയ നിവാരണം നടത്തൽ, പരീക്ഷണ നിരീക്ഷണങ്ങൾ മറ്റു പഠനപ്രവർത്തനങ്ങൾ എന്നിവ ഈ സമയത്തു നടത്തുന്ന പ്രവർത്തനങ്ങളിൽ ചിലതാണ്.

(ബി) പ്രാദേശികസൗകര്യങ്ങൾ പരിഗണിച്ച് രാവിലെയോ ഉച്ചയ്ക്കോ വൈകുന്നേരമോ എസ്.എസ്.എൽ.സി. ക്ലാസ്സുകളിലെ കുട്ടികൾക്ക് പരിഹാര ബോധനം നൽകുന്നതിന് സ്റ്റാഫ് കൗൺസിലിന്റെയും പി.ടി.എ.യുടെയും

LIBRARY ARCHIVES Kerala Legislative Assembly